"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അമൃത് പദ്ധതിയിൻകീഴിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ഫോർ കോഴിക്കോട് സിറ്റി 2040- അന്തിമ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്**

സ.ഉ.(കൈ) നം.60/2024/LSGD തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:-

1. 14.02.2023 ലെ സ.ഉ. (കൈ.)നം.48/2023/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്
2. 25.09.2023 ലെ സ.ഉ.(കൈ.)നം 168/2023/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്
3. കോഴിക്കോട് നഗരസഭ കൗൺസിലിന്റെ 31.10.2023 തീയതിയിലെ 79-ാം നമ്പർ കൗൺസിൽ തീരുമാനം
4. 20.12.2023 ലെ കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ ഇ.ജി.21/3634/2019 നമ്പർ കത്ത്.
5. 21.02.2024 തീയതിയിലെ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ന്റെ എൽ.എസ്.ജി.ഡി./പി.ഡി./21852/2023-ടിസിപിബി3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് കോർപറേഷൻ ഏരിയക്ക് വേണ്ടി അമൃത് പദ്ധതിയുടെ ഉപപദ്ധതിയായ **Formulation of GIS based Plan for Amrut Towns** എന്നതിൻ കീഴിൽ തയ്യാറാക്കിയ കരട് കോഴിക്കോട് സിറ്റി മാസ്റ്റർ പ്ലാൻ 2040-നു പരാമർശ ഉത്തരവ് പ്രകാരം പ്രസിദ്ധീകരണാനുമതി നൽകിയിട്ടുള്ളതാണ്. തുടർന്ന്, പരാമർശം (2) ഉത്തരവ് പ്രകാരം കരട് മാസ്റ്റർ പ്ലാനിന്മേലുള്ള പരാതികൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി 20.07.2023 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതുമാണ്.

(2) മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച മാസ്റ്റർപ്ലാൻ, കോഴിക്കോട് നഗരസഭ കൗൺസിലിൽ അവതരിപ്പിക്കയും മാസ്റ്റർ

പ്ലാൻ കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ച്, 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ 36(7)-ാം വകപ്പ്, 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാൻ രൂപീകരണവും അനുമതിനൽകലും) ചട്ടങ്ങളിലെ ചട്ടം 21 എന്നിവ പ്രകാരം, പരാമർശം (3) കൗൺസിൽ തീരുമാനം വഴി അംഗീകരിച്ചിട്ടുള്ളതും, അന്തിമ അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി കോഴിക്കോട് നഗരസഭ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതും, പ്രസ്തുത തീരുമാനം പ്രകാരം മാസ്റ്റർപ്ലാനിന് അന്തിമ അംഗീകാരം നേടുന്നതിനുള്ള അനുബന്ധ രേഖകൾ നഗരസഭ സെക്രട്ടറി, പരാമർശം (4) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

(3) 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 36(8)-ാം വകപ്പ്, 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാൻ രൂപീകരണവും അനുമതിനൽകലും) ചട്ടങ്ങളുടെ ചട്ടം 22 എന്നിവ പ്രകാരം അമൃത് പദ്ധതിയുടെ കീഴിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ഫോർ കോഴിക്കോട് സിറ്റി 2040-ന് അന്തിമ അംഗീകാരം നൽകാവുന്നതാണെന്ന് മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 36(8)-ാം വകപ്പ്, 2021-ലെ കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാൻ രൂപീകരണവും അനുമതിനൽകലും) ചട്ടങ്ങളുടെ ചട്ടം 22 എന്നിവ പ്രകാരം അമൃത് പദ്ധതിയുടെ കീഴിൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ഫോർ കോഴിക്കോട് സിറ്റി 2040-ന് അന്തിമ അംഗീകാരം നൽകി ഉത്തരവാകുന്നു. അതോടൊപ്പം, മാസ്റ്റർ പ്ലാനിലുള്ള Wet Agriculture Zone ന്റെ മേഖല നിയന്ത്രണങ്ങളിൽ (Table 30.2.1 ന്റെ Sl No. 14) Uses restricted-1 ആയി നിർദ്ദേശിച്ചിരിക്കുന്ന Mixed use zone ന്റെ വ്യവസ്ഥകൾ (all permitted uses and all restricted uses), കേരള നഗര ഗ്രാമാസൂത്രണ ആക്ടിന്റെ വകുപ്പ് 112(3)(എസ്) പ്രകാരം സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക്, ടി ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ പ്രാബല്യത്തിൽ വരികയുള്ളു എന്നും വ്യക്തമാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം
3. ജില്ലാ നഗരാസൂത്രകൻ, കോഴിക്കോട് (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
6. വിവര പൊതുജന സമ്പർക്ക (വെബ് & പി.ആർ.ഡി.) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 10-06-2024 17:55:52